**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5509** **05-07-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നംകുളം ആസ്ഥാനമാക്കിയുള്ള തൃശ്ശൂർ സ്പോർട്സ് ഡിവിഷനിൽ വേണ്ട അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഹോസ്റ്റൽ കെട്ടിടം, ഫ്ലഡ്‌ലൈറ്റ് സംവിധാനം, ജനറേറ്റർ, ടോയ്‌ലറ്റ് ബ്ലോക്ക്, സ്വിമ്മിംഗ്പൂൾ തുടങ്ങിയവ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>ഹോസ്റ്റൽ കെട്ടിടം, ഫ്ളെഡ് ലൈറ്റ് സംവിധാനം, ജനറേറ്റർ, ടോയ്‌ലെറ്റ് ബ്ലോക്ക്, സ്വിമ്മിംഗ് പൂൾ തുടങ്ങിയ ഘടകങ്ങളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.<br><br>**ഹോസ്റ്റൽ കെട്ടിടം**<br><br>24.02.2023-ലെ സ.ഉ. (സാധാ) നം. 65/2023/ കാ.യു.വ പ്രകാരം 4.57 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 31.10.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.37 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 09.11.2023-ൽ ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. നാലകത്ത് ഇൻഫ്രാസ്ട്രക്ചർ എന്ന സ്ഥാപനവുമായി 17.01.2024-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.<br><br>പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഭാഗത്ത് മണ്ണിടിച്ചിലിനുള്ള സാധ്യത പരിഗണിച്ച് പുതിയ കെട്ടിടത്തിന്റെ സ്ഥാനം, പ്ലാൻ എന്നിവയിൽ നേരിയ വ്യത്യാസം വരുത്തുന്നതിന് കരാറുകാരനുമായി ചർച്ച ചെയ്ത് ധാരണയായിട്ടുണ്ട്.<br><br>**ഫ്ളെഡ് ലൈറ്റ് സംവിധാനം** |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിക്കായിയുള്ള 1.70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**ജനറേറ്റർ**<br><br>പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**ടോയ്‌ലെറ്റ് ബ്ലോക്ക്**<br><br>31.10.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 316/2023/കാ.യു.വ പ്രകാരം 25.85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ടി പ്രവർത്തിയ്ക്ക് 29.11.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 24.26 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി, 01.12.2023-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാർ ആരും തന്നെ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിക്ക് 21.12.2023-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും 25.01.2024-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ജൂലൈ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>**സ്വിമ്മിംഗ് പൂൾ**<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 24.10.2019-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 204/2019/ കാ.യു.വ പ്രകാരം 20.00 കോടി രൂപയുടെ ഭരണാനുമതി പ്രകാരം തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് നവീകരിക്കുന്നതിന് 5.00 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സിൽ വലിയ തോതിലുള്ള നവീകരണം നടത്താൻ സാധ്യത ഇല്ലാത്ത സാഹചര്യത്തിൽ ടി പ്രവർത്തിയ്ക്ക് പകരം കുന്നംകുളത്ത് പുതിയ നീന്തൽക്കുളം നിർമ്മിക്കുന്നതിന് 18.01.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 18/2024/കാ.യു.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഡി.പി.ആർ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി 19.05.2023-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നിലവിലുള്ള സൗകര്യങ്ങളുടെ പരിപാലനത്തിന് നിയമാനുസൃതമായ ഒരു ഭരണ സംവിധാനം | (സി) | തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം |

| | | | |
|---|---|---|---|
| | ഒരുക്കാൻ നടപടി സ്വീകരിക്കുമോ? | | സംബന്ധിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷനും ഭരണപരമായ കാര്യങ്ങളിൽ കായിക യുവജനകാര്യ ഡയറക്ടറും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ